കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2015-16

# കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: *lfaddistofficeknr@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ എസ് എ / കെ എൻ ആർ /സി8/2115/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ
Email.*lfaddistofficeknr@gmail.com*
ഫോൺ.0497 - 2707698

തീയതി.1.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്

പി.പി.യു

നം കെ എസ് എ / കെ എൻ ആർ /സി8/2115/2016

തിയ്യതി:01.02.2017

# കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടു വിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ.മഠത്തിൽ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 30.11.2016വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|
| ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഘുനാഥ്.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രാജിമ.എ.സി | ഓഡിറ്റർ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | | |
| 1 | പഞ്ചായത്ത് ഭരണസമിതി മിനുട്ട്സ് അപാകങ്ങൾ | 1(1) | |
| 2 | ബജറ്റ് | 1(2) | |
| 3 | വാർഷിക ധനകാര്യപത്രിക | 1(3) | |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(4) | |
| 5 | സാമ്പത്തിക വിശകലനം | 1(5) | |
| 6 | ഫണ്ട് വിനിയോഗം | 1(6) | |
| 7 | പദ്ധതി അവലോകനം | 1(7) | |
| 8 | തനത് വരുമാനം | 1(8) | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(9) | |
| 10 | ക്ഷേമപദ്ധതികൾ | 1(10) | |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1(11) | |
| 12 | ഗ്രാമസഭ | 1(12) | |
| 13 | ആഭ്യന്തര നിയന്ത്രണം | 1(13) | |
| ഭാഗം- 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | ഡി& ഒ ലൈസൻസ് ഫീ വിറ്റുവരവിനനു സൃതമായും മോട്ടോർ HPക്കും അനുസൃതമായി ഈടാക്കിയില്ല | 2(1) | |
| 15 | തൊഴിൽ നികുതി അപാകങ്ങൾ | 2(2) | |

| | | | |
|---|---|---|---|
| 16 | തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കുന്നില്ല | 2(3) | |
| ഭാഗം-3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ വാങ്ങിയത് -₹ 1,49,561 തടസ്സപ്പെടുത്തുന്നു | 3(1) | |
| 18 | ഐ എ വൈ ഭവന പദ്ധതി-പലിശ തിരിച്ചടവ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല .₹4,60,000 തടസ്സപ്പെടുത്തുന്നു | 3(2) | |
| 19 | ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിട്ടില്ല. ₹2,08,500 തടസ്സപ്പെടുത്തുന്നു. | 3(3) | |
| 20 | തനത് ഫണ്ട് അപാകങ്ങൾ | 3(4) | |
| 21 | കേര കൃഷിവികസനം-വളം വിതരണം മാനദണ്ഡങ്ങൾ പാലിക്കാത്തത്-699070 തടസ്സപ്പെടുത്തുന്നു. | 3(5) | |
| 22 | പച്ചക്കറികൃഷി വ്യാപനം- അപാകങ്ങൾ- ₹1,62,500 തടസ്സപ്പെടുത്തുന്നു | 3(6) | |
| 23 | ആവശ്യമായ രേഖകൾഹാജരാക്കിയിട്ടില്ല-₹ 79,564 തടസ്സപ്പെടുത്തുന്നു | 3(7) | |
| 24 | കാർഷിക പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 3(8) | |
| 25 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ്&ബത്ത നൽകൽ ജില്ലാപഞ്ചായത്ത് വിഹിതം നൽകാത്തതും, ബാങ്ക് ക്രഡിറ്റ് രേഖകൾ ഹാജരാക്കാത്തതും ₹6,50,000 തടസ്സപ്പെടുത്തുന്നു. | 3(9) | |
| 26 | എസ് എസ് എ വിഹിതം നൽകൽ. വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല₹5,54,518 തടസ്സപ്പെടുത്തുന്നു | 3(10) | |
| 27 | കക്കൂസ് നിർമ്മാണം -തനത് ഫണ്ടിൽ നിന്നും നൽ കിയ | 3(11) | |

| | | | |
|---|---|---|---|
| | തുക റീക്കപ്പ് ചെയ്തിട്ടില്ല | | |
| 28 | പൂർത്തിയാക്കാത്ത ഭവന നിർമ്മാണ പദ്ധതി | 3(12) | |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രംഹാജരാക്കിയിട്ടില്ല.₹3,12,500 തടസ്സപ്പെടുത്തുന്നു | 3(13) | |
| 30 | സ്വാന്തന പരിചരണ പദ്ധതി- ഹോം കെയർ വാഹന വാടക നൽകിയത് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയത് | 3(14) | |
| 31 | ആര്യോഗ്യ കേരള പുരസ്കാരതുക -₹3,00,000 ഹാജരാക്കിയിട്ടില്ല | 3(15) | |
| 32 | നടപ്പിലാക്കാത്ത പദ്ധതികൾ | 3(16) | |
| 33 | കേന്ദ്രവിഹിതം-ചെലവഴിക്കാത്ത തുക വിനിയോഗിക്കേണ്ടത് | 3(17) | |
| 34 | ക്രമപ്പെടാത്ത മുൻകൂറുകൾ | 3(18) | |
| ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 35 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4(5) | |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(6) | |
| 41 | ഓഡിറ്റ് റിക്കവറി | 4(7) | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |

| | | | |
|---|---|---|---|
| 43 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |
| 44 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

<u>പ്രസിഡണ്ട്</u>:

<table>
<tr><th colspan="3">പേര്</th><th>കാലയളവ്</th></tr>
<tr><td colspan="3">ശ്രീ.ഷാജി കരിപ്പായി</td><td>1.4.2015 മുതൽ 7.11.2015വരെ</td></tr>
<tr><td>ശ്രീ.രാജേഷ് കുമാർ.ടി</td><td>സെക്രട്ടറി</td><td rowspan="3">(ഭരണനിർവ്വഹണ കമ്മിറ്റി )</td><td rowspan="3">8.11.2015 മുതൽ 18.11.2015വരെ</td></tr>
<tr><td>ശ്രീമതി.സുമതി.കെ</td><td>(ഐ സി ഡി എസ് സൂപ്പർവൈസർ)</td></tr>
<tr><td>ശ്രീമതി.അശ്വിനി.എസ്</td><td>(കൃഷി ഓഫീസർ)</td></tr>
<tr><td colspan="3">ശ്രീമതി.പ്രസീത.കെ</td><td>19.11.215 മുതൽ 31.3.2016വരെ</td></tr>
</table>

<u>സെക്രട്ടറി :</u>

| പേര് | കാലയളവ് |
|---|---|
| ശ്രീ.അനിൽ.കെ.എൻ | 1.4.2015 മുതൽ 23.7.2015FN വരെ |
| ശ്രീ.രാജേഷ് കുമാർ.ടി | 23.7.2015 AN മുതൽ 31.3.2016വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അശ്വിനി.എസ് | 1.04.2015മുതൽ 31.3.16 വരെ |
| വി ഇ ഒ | ശ്രീ.ശ്രീജൻ.പി | 1.04.2015മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി .സുശീല .ടി.ജി | 1.04.15മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.മഗേഷ്. | 1.04.15മുതൽ 31.12.15 വരെ |
| | ഡോ.ആശ.കെ.പി | 1.1.16 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | ഡോ.ഗോപകുമാർ.ടി | 1.04.15മുതൽ 24.4.15 വരെ |
| | | 10.11.15മുതൽ 19.1.16വരെ |
| | ഡോ.മുനീർ.എം | 25.4.15മുതൽ 9.11.15വരെ |
| | ഡോ.സൽമത്ത്.കെ.ടി | 20.1.16 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദ ഡിസ്പെൻസറി) | ഡോ.ലമിത.ഒ | 1.04.15മുതൽ 31.3.16 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ശ്യാമള.കെ | 1.04.15മുതൽ 31.10.15 വരെ |
| | ശ്രീമതി.സുമതി.കെ | 1.11.15 മുതൽ31.3.16വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പ്രമീള.ടി.എം | 1.04.15മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.രശ്മി.പനോളി | 01.04.15മുതൽ31.3.16വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 പഞ്ചായത്ത് ഭരണസമിതി മിനുട്ട്സ് അപാകങ്ങൾ

2015-16 ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതി മിനുട്സ് ആവശ്യപ്പെട്ടപ്പോൾ ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ മിനുട്സിൽ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാതെയുള്ള മിനുട്സാണ് ലഭിച്ചത്. പഞ്ചായത്ത് മീറ്റിങ്ങ് നടന്ന തീയ്യതി രേഖപ്പെടുത്തുന്ന പഞ്ചായത്ത് മീറ്റിങ്ങ് നോട്ടീസ് ബുക്ക് പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അടിസ്ഥാന രേഖയായ പഞ്ചായത്ത് ഭരണസമിതി മിനുട്സ് കൃത്യമായി സൂക്ഷിക്കുന്നില്ല. മീറ്റിംഗ് നോട്ടീസ് പ്രകാരം ഇക്കാലയളവിൽ 6 ഭരണ സമിതി യോഗങ്ങൾ ചേർന്നിട്ടുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു.

| മീറ്റിംഗ് നോട്ടീസ് തീയതി | പഞ്ചായത്ത് ഭരണസമിതി മിനുട്ട്സിലെ രേഖപ്പെടുത്തലുകൾ |
|---|---|
| 13.4.2015 | ഇല്ല |
| 5.5.2015 | |
| 25.5.2015 | |
| 19.6.2015 | |
| 17.7.2015 | |
| 21.7.2015 | |

തുടർന്ന് 13.8.2015 മുതൽ കൃത്യമായി എഴുതിയിട്ടുണ്ട്. 2015-16 ബജറ്റ്, 16.3.2015-ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി

മിനുട്സിൽ ബജറ്റ് അംഗീകരിച്ചത് രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മിനുട്സ് പൂർണ്ണമായും രേഖപ്പെടുത്താത്തതിനാൽ ചെലവുകൾക്ക് അംഗീകാരം നൽകൽ, മരാമത്ത് പ്രവൃത്തി സംബന്ധിച്ച തീരുമാനങ്ങൾ, ഈ കാലയളവിൽ നടത്തിയ വാങ്ങലുകൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയം ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമാക്കുന്നു. ഇതിൻമേൽ കൈക്കൊണ്ട നടപടികൾ എന്തെന്ന് ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്. (മുൻ റിപ്പോർട്ട് 2013-14, 2014-15 ഖണ്ഡിക 1-1 കാണുക)

## 1-2 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30/29.02.2016 നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

ബജറ്റ് യഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിലേക്ക് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. റസീറ്റ് & പെമെന്റ് പത്രികയിൽ ഇ എഫ് എം എസ് (എൻ ആർ ഇ ജി എസ്), ഡി ബി ടി സി (ബി ഫണ്ട്) തുകകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ബജറ്റുമായി താരതമ്യം ചെയ്തിട്ടില്ല.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 2,55,14,617 | 2,55,14,617 |
| വരവ് | 14,65,76,950 | 4,49,70,323 |
| ആകെ | 17,20,91,567 | 7,04,84,940 |
| ചെലവ് | 15,78,83,000 | 5,89,30,465 |
| നീക്കിയിരിപ്പ് | 1,42,08,567 | 1,15,54,475 |

## 1-3 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 28.07.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി/തരം |
|---|---|---|
| 2015-16 | 24.11.2016 &25.11.2016 | കെ.എസ്.എ/കെ.എൻ.ആർ /സി8/2115/2016 തീയ്യതി 1.02.2017. വിശേഷണങ്ങളോട് കൂടിയത് |

<u>വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ</u>

1) വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ഷെഡ്യൂളുകളിലെ തുകകളിലെ വ്യത്യാസത്തിന് Notes on accounts തയ്യാറാക്കിയിട്ടില്ല.

4) മറ്റു നിർവ്വഹണാധികാരികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

5)അംഗൻവാടി ചെലവ് തുക സേവനമേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ഉത്പാദന മേഖലയിലാണ് ചേർത്തിരിക്കുന്നത്.

6)താഴെ പറയുന്ന ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

R&P-15 & I&E -14

R&P-16 & I&E -14 (a)

7) വെള്ളക്കരം & വൈദ്യുതി ചാർജജ് യഥാർത്ഥത്തിൽ ഒടുക്കിയ തുകയും, വാർഷിക ധനകാര്യപത്രികയിൽ ചേർത്ത തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക | ഷെഡ്യൂൾ | വൗച്ചർ പ്രകാരം തുക |
|---|---|---|---|
| വെള്ളക്കരം | 2,62,471 | R&P-13 | 2,86,332 |
| വൈദ്യുതി ചാർജജ് | 3,19,830 | R&P-12 | 3,83,256 |

8) ബാലൻസ് ഷീറ്റിൽ B -9 ഷെഡ്യൂളിൽ, ശമ്പള ഇനത്തിൽ കൊടുക്കാനുള്ള തുകയും ഏപ്രിലിൽ കൊടുത്ത തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-5 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 2,55,14,617 |
| വരവ് | 4,49,70,323 |
| ആകെ | 7,04,84,940 |
| ചെലവ് | 5,89,30,465 |
| നീക്കിയിരിപ്പ് | 1,15,54,475 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യി രിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 53,87,751 | 25,33,733 | (+) 73,13,866 | 1,52,35,350 | 1,52,35,350 | NIL | 100 |
| വികസനഫണ്ട് എസ്.സി.പി. | 5,14,000 | 10,99,114 | (_) 4,14,000 | 11,99,114 | 11,99,114 | NIL | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | NIL | 14,000 | NIL | 14,000 | 14,000 | NIL | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 7,28,255 | 84,51,974 | NIL | 91,80,229 | 91,80,229 | NIL | 100 |
| സംരക്ഷണഗ്രാന്റ് (റോഡിതരം ) | 607702 | 2127735 | NIL | 2735437 | 2735437 | NIL | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13,08,775 | 7649207 | (_) 30,63,116 | 91,80,229 | 58,94,866 | NIL | 100 |
| പെർഫോമൻസ് ഗ്രാന്റ് | 38,36,750 | 30,91,061 | (_) 38,36,250 | 30,91,061 | 30,91,061 | NIL | 100 |
| എം. ജി. എൻ. ആർ.ഇ. ജി. എസ്. | 7,203 | 1,62,19,253 | 1,118 | 1,62,26,456 | 1,62,25,338 | Nil | 99.99 |
| ബി ഫണ്ട് | NIL | 3,33,62,995 | NIL | 3,33,62,995 | 3,33,62,995 | NIL | 100 |

## 1-7 <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 196 | 6,87,65,317 | 152 | 4,83,41,204 | ഇല്ല | 44 | 78 |

## 1-8 <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41,14,749 | 38,03,976 | (-) 3,10,773 | (-) 7.55 |
| നികുതിയേതര വരവുകൾ | 3,45,122 | 3,69,333 | (+)24,211 | (+)7.01 |
| മറ്റുവരവുകൾ | 6,47,900 | 16,01,566 | (+) 9,53,666 | 147.19 |
| ആകെ | 51,07,771 | 57,74,875 | (+)6,67,104 | (+)13.06 |

## 1-9 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2016മുതൽ<br>20.09.2016 വരെ | 1.8.2016 മുതൽ 30.9.2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.2.2011 | 2005-06 മുതൽ 2009-10 വരെ | 06.03.2011 |

## 1-10 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,66,560 | 81 |
| കർഷകതൊഴിലാളി ക്ഷേമപെൻഷൻ | 66,20,550 | 859 |
| വിധവ പെൻഷൻ | 1,04,49,600 | 1,271 |
| വാർദ്ധക്യകാല പെൻഷൻ | 1,00,22,850 | 1,774 |
| വികലാംഗ പെൻഷൻ | 36,06,995 | 378 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22,01,640 | 254 |

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2016-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 33,894/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-12 ഗ്രാമസഭ

2015-16 വർഷത്തിൽ ആകെ 5 ഗ്രാമസഭ കൂടിയിട്ടുണ്ട്. പഴയ ഭരണസമിതിയുടെ കാലത്ത് 3 ഉം പുതിയ ഭരണസമിതി നിലവിൽ വന്നതിനു ശേഷം 2 ഉം ഗ്രാമസഭകൾ കൂടിയിട്ടുണ്ട്.

പഞ്ചായത്ത് ഗ്രാമസഭയിൽ ക്വാറം തികയുന്നത്ര എണ്ണം വോട്ടർമാരുടെ പങ്കാളിത്തം ഉണ്ടായിരുന്നതായി ഗ്രാമ സഭാ മിനുട്സുകളിൽ നിന്നും മനസ്സിലാവുന്നു. ജന പങ്കാളിത്തം വർദ്ധിപ്പിച്ച് ഗ്രാമസഭ സജീവമാക്കേണ്ടതിലേക്ക് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ആഭ്യന്തര നിയന്ത്രണം

1994-ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 18-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ.വ സെക്രട്ടറിയുടെ 3.11.2006-ലെ 45778/പിഎ3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചയത്ത് ഡയരക്ടർ 18/1/2007-ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചയത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയതായി കണ്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഈ കാലയളവിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല. ആകെ ഒരു ദിവസം (30.11.2015) മാത്രമാണ് യോഗം ചേർന്നത്.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(രണ്ട്) ഓഫീസ് ഉത്തരവ് : ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവുകളിൽ ജീവനക്കാർക്ക് ചുമതലകൾ എല്പിച്ചു കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് : രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കോളങ്ങൾ എഴുതി

പൂർണ്ണ മാക്കിയിട്ടില്ല.

(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി& ഒ ലൈസൻസ് ഫീ വിറ്റുവരവിനും യന്ത്രത്തിന്റെ കുതിരശക്തിക്കും അനുസൃതമായി ഈടാക്കീയീട്ടില്ല

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ഡി &ഒ ലൈസൻസ് പരിശോധനയിൽ താഴെ പറയുന്നവരിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ വിറ്റു വരവിനും യന്ത്രത്തിന്റെ കുതിരശക്തിക്കും അനുസൃതമായി ഈടാക്കിയിട്ടില്ല .

| ക്രമ നം | പേര്, കെട്ടിട നമ്പർ | സംരംഭം | വിറ്റുവരവ് യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ഫി, രശീതി നമ്പർ,തീയതി | ഈടാക്കേണ്ട ഫീ | കുറവ് വന്നത് |
|---|---|---|---|---|---|---|
| 1 | ശേഖരൻ കാരയിൽ<br>കാരയിൽ (h)<br>ശങ്കരനെല്ലൂർ<br>13/21 | വുഡ് ഇൻഡസ്ട്രീസ് | 58 HP | 100<br>11403106457 dt 4/2/15 | 1000 | 900 |
| 2 | സതീശൻ കോമത്ത്<br>ചിന്നാലയം<br>കാഞ്ഞിലേരി<br>11/520 | ഓയിൽ &ഫ്ളോർ മിൽ | 20 HP | 100<br>11503100052 dt 7/2/15 | 200 | 100 |
| 3 | മുനീർ വി പി<br>റൈബത്ത് മൻസിൽ<br>ആയിത്തറ | ഓയിൽ മിൽ | 20HP | 100<br>11503100269 dt 5/3/15 | 200 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | 9/226 | | | | | |
| 4 | എസ് എം.മുഹമ്മദ് ഡയറക്ടർ ഈസ്റ്റേൺ കോണ്ടിമെൻസ് | ഈസ്ററേൺ ഉൽപ്പന്നങ്ങൽ സ്റ്റോക്ക് ചെയ്ത് വിൽപന നടത്താൻ | 100000 | 200 1150341218 dt 30/6/15 | 2000 | 1,800 |
| 5 | പി കെ ഷാനവാസ് ലാറ്റക്സ് ഇൻഡസ്ട്രീസ് പാലപ്പറമ്പ്8/293 to 297 | ലാറ്റക്സ് ഇൻഡസ്ട്രീസ് | 27616 | 100 11503101270 dt 2/7/15 | 1000 | 900 |
| 6 | ഉഷ ടി സിൻഷാലയം കാഞ്ഞിലേരി 4/256 | ഫർണിച്ചർ നിർമ്മാണം | 15 hp | 100 11503104369 dt 29/1/16 | 200 | 100 |
| 7 | അനസ് സി എച്ച് കണ്ടത്തിൽ (H) നീർവ്വേലി 5/120 | ഈർച്ചമിൽ | 40hp | 100 11503104865 dt 11/2/16 | 400 | 300 |
| 8 | സി കെ അബ്ദുൾ ജബ്ബാർ ബദരിയ സോമിൽ മൂന്നാം പീടിക 11/536 | ഈർച്ചമിൽ | 55HP | 100 11503105702 dt 4/3/16 | 1000 | 900 |

| | | | | | | |
|---|---|---|---|---|---|---|
| 9 | പി കെ ഗണേശൻ<br>മാപ്പുരക്കൽ (H)<br>മാങ്ങാട്ടിടം<br>13/494 | ഫ്ളോർ മിൽ | 15 HP | 100<br>11503106299 dt 22/3/16 | 200 | 100 |
| 10 | സക്കറിയ വികെ<br>ലണ്ടൻ(H)<br>കതിരൂർ<br>3/313 to 316 | ഇന്റർലോക്ക് നിർമ്മാണം | 13 HP | 100<br>32540 /19 dt 29/3/16 | 200 | 100 |
| 11 | മാനേജർ<br>മാവേലി സ്റ്റോർ<br>പാലബസാർ<br>17/109 | മാവേലി സ്റ്റോർ | 10000 | 100<br>11593016632 dt 31/3/16 | 200 | 100 |
| ആകെ കുറവ് | | | | | | 5,400 |

ഈടാക്കുന്നതിൽ കുറവ് വന്ന 5,400/- രൂപ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിലെ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്നവരിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. ശിശുമിത്ര ബഡ്സ് സ്കൂളിലെ ജീവനക്കാർ.

2. ശക്തി ന്യൂട്രിമിക്സ് (ആയിത്തറ മമ്പറം) യൂണിറ്റിലെ ജീവനക്കാർ.

3. പയനീയർ ലാറ്റക്സ് ഇൻഡസ്ട്രീസിലെ ജീവനക്കാർ.

4. ആയിത്തറ ക്ഷീരോത്പാദകസഹകരണസംഘം. ജീവനക്കാർ ക്രമ നമ്പർ 2, 4 എന്നിവയുടെ സ്ഥാപന തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

റിട്ടേൺസിൽ വരുമാനം കാണിക്കുന്നില്ല.

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി

റിട്ടേണിൽ വരുമാനം കാണിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1. കള്ള് ഷാപ്പ് കിരാച്ചി – 2015-16 ഒന്നാം അർദ്ധവർഷത്തെ റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2. കള്ള് ഷാപ്പ് കൈതേരി – 2015-16 വർഷത്തെ രണ്ടാം അർദ്ധവർഷത്തെ റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

## 2-3 തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ 2015-16 വർഷം താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വർഷം | വരുമാനം (റിട്ടേൺ പ്രകാരം) | ഈടാക്കിയ നികുതി, രശീതി നമ്പർ | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| മാങ്ങാട്ടിടം യുപി | വിലാസിനി | യു പി എസ് എ | 2015-16 ഒന്നാം അർദ്ധവർഷം | 106079 | 750 11503102477 dt 28/9/15 | 1,000 | 250 |

കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തോഫീസിലേക്ക് സ്കാനർ വാങ്ങിയത്- ചെലവ് തുക 1,49,561 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് - സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്

പ്രൊജക്ടിന്റെ പേര് - പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ പ്രിന്റർ വാങ്ങൽ

പ്രൊജക്ട് നമ്പർ - 136/16

ഭരണാനുമതി നമ്പർ - 38/15, 5.05.2015.

അടങ്കൽ തുക. 2,00,000/- 1.5 ലക്ഷം വികസന ഫണ്ട് + 0.5ലക്ഷം.തനത് ഫണ്ട്

ബിൽ നമ്പർ - 21/14.3.2016. തുക 1,49,561/- വികസന ഫണ്ട് ജനറൽ

ഡി.ഡി.നമ്പർ . 722551/18.3.2016.

ഫ്രണ്ട് ഓഫീസിലെ ആവശ്യത്തിലേക്കായി canon കമ്പനിയുടെ DR.M.1030 with flat bed unit A3 FB 201 DR scanner. 60Ppm speed,600dpi x 600dpiഎന്ന എ3 സൈസിലുള്ള സ്കാനർ (DGSS item No.86) കണ്ണൂർ താണയിലെ കെ,വി,ആർ. സിസ്റ്റംസ് &സെയിൽസ് പ്രൈവറ്റ് ലിമി. എന്ന സ്ഥാപനത്തിൽ നിന്ന് DGSS നിരക്കിൽ 1,49,561/- രൂപ ചെലവു ചെയ്ത് വാങ്ങിയിട്ടുണ്ട്. (1,42,439 +5% നികുതി (7121.95) ) .

20,000 രൂപയിൽ താഴെയുള്ള നിരക്കിൽ സ്കാനർ മാർക്കറ്റിൽ ലഭ്യമായിരിക്കെ ഇത്രയും ഉയർന്ന നിരക്കിലുള്ള സ്കാനർ വാങ്ങിയത് സാമ്പത്തിക അച്ചടക്കമില്ലായ്മയായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നതിന് സാങ്കേതികമായി ഇത്രയും മികച്ച ഉപകരണം പഞ്ചായത്ത് ഓഫീസിൽ ആവശ്യമുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ ഈ ഉപകരണം വാങ്ങിയിട്ട് 8മാസം (നവംബർ 30 വരെ) കഴിഞ്ഞിട്ടും ഉപയോഗിച്ചു തുടങ്ങിയിട്ടുപോലുമില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2015-16 വർഷത്തിൽ നെറ്റ് വർക്ക് പ്രവൃത്തി (LAN) സംബന്ധിച്ച് ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും ഇലക്ഷൻ പ്രഖ്യാപിച്ചതിനെ തുടർന്ന് തുടർ നടപടികളൊന്നും സ്വീകരിക്കാൻ സാധിച്ചിട്ടില്ല എന്നും ഈ വർഷം LAN പ്രവൃത്തിക്കുവേണ്ടി പുതിയ പ്രൊജക്ട് വച്ചിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്.

കമ്പ്യൂട്ടർ വാങ്ങുമ്പോൾ അനുവർത്തിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സ.ഉ(സാധാ) 1838/12 എൽ.എസ്.ജി.ഡി. 3.7.2012. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എ3 സൈസിലുള്ള സ്കാനർ വാങ്ങാൻ പഞ്ചായത്തിന് അനുമതിയില്ല.

ആയതിനാൽ ഈയിനത്തിലെ ചെലവ് തുകയായ തുക 1,49,561 തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിശദീകരണം നൽകേണ്ടതാണ്.

## 3-2 ഐ.എ.വൈ.ഭവന പദ്ധതി -പലിശ തിരിച്ചടവ്-കൈപ്പറ്റ് രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല.

ചെലവ് തുക4,60,000/-തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

പ്രൊജക്ടിന്റെ പേര് - ഐ.എ.വൈ.ഭവന പദ്ധതി സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശ തിരിച്ചടവ്.

പ്രൊജക്ട് നമ്പർ - 211(ജി.ഒ.നമ്പർ 1328/2016 എൽ.എസ്.ജി.ഡി. പ്രകാരമുള്ള പ്രൊജക്ട്)
പ്രൊജക്ട് ബിൽ നമ്പർ - 35/31.3.2016, തുക 4,60,000/- വികസന ഫണ്ട്, (ജനറൽ)

മേൽ പ്രൊജക്ട് പ്രകാരം 4,60,000 രൂപ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നതിനായി ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്.എന്നാൽ മേൽ തുകയുടെ കൈപ്പറ്റ് രശീതി,വിനിയോഗ സർട്ടിഫിക്കറ്റ്, എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിലെ ചെലവ് തുക ₹4,60,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയിട്ടില്ല ₹2,08,500 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

പ്രൊജക്റ്റ് നമ്പർ 29/16.

പ്രൊജക്ടിന്റെ പേര്- ശാരീരിക വൈകല്യമുള്ളവർക്ക് യന്ത്ര വൽകൃത ട്രൈസിക്കിൾ

അടങ്കൽ തുക 2,25,000/- (1,25,000വികസന ഫണ്ട്.+1,00,000മറ്റുള്ളവ)

ഭരണാനുമതി നമ്പർ - 38/2015/ തീ. 5.5..2015.

ബിൽ നമ്പർ 24 /14.3.2016 തുക 1,08,500/- ഡി.ഡി.നമ്പർ 722553/18.3.2016

(വികസന ഫണ്ട്)

ചെക്ക് നമ്പർ 0532752 /15.3.2016 തുക 1,00,000/-ഡി.ഡി.നമ്പർ 722527/ 18.3.2016

(ബ്ലോക്ക് വിഹിതം)

*ആകെ ചെലവ് തുക* - 2,08,500/-

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട്ശ്രീ. ബാബുരാജ്. പി. ശ്രീ. രംഷദ്.കെ.ശ്രീ.ചന്ദ്രൻ.കെ. എന്നിവർ കെൽട്രോൺ സൈഡ് വീലുകൾ ഘടിപ്പിച്ചു നൽകിയ 3മഹീന്ദ്ര റോഡിയ സ്കൂട്ടറുകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇവരിൽ ആരുടെയും ഡ്രൈവിംഗ് ലൈസൻസുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് തുക 2,08,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ലൈബ്രറി സെസ് ഒടുക്ക്, അക്വിറ്റൻസ് സൂക്ഷിക്കാത്തത് സംബന്ധിച്ച്

1) മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2014-15 വർഷത്തെ ലൈബ്രറി സെസ് തുകയായ

₹ 1,51,472 രൂപ 27-4-2015 നാണ് കേരളാ സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന് ഒടുക്കിയിട്ടുള്ളത്. (ചെക്ക് നമ്പർ 7517/മാങ്ങാട്ടിടം സർവ്വീസ് സഹകരണ ബാങ്ക്). 2015-16 വർഷത്തെ ആദ്യത്തെ ഗഡു തൻ വർഷം ഒടുക്കിയിട്ടില്ല. എന്നാൽ സർക്കുലർ നമ്പർ 10088/എൽ 3/05/ത.സ്വ.ഭ.വ. 20./09 /2015.പ്രകാരം ലൈബ്രറി സെസ് രണ്ടു ഗഡുക്കളായി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തേത് നവമ്പർ 30 നകവും.എന്നാൽ ഇവിടെ ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

2) പഞ്ചായത്ത് ജീവനക്കാരുടെ പ്രതിമാസ ശമ്പളം വിതരണം ചെയ്യുമ്പോൾ അക്വിറ്റൻസ് റജിസ്റ്ററിൽ ആകെ ശമ്പളം, ശമ്പളം വിതരണം ചെയ്ത തീയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. കൂടാതെ കേരള ട്രഷറി കോഡ് വാല്യം I ചട്ടം 432(a) ലെ നിബന്ധനകൾ അനുസരിച്ച് അക്വിറ്റൻസ് പരിശോധിച്ച് ബോധ്യപ്പെട്ടതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 3-5 കേരകൃഷി വികസനം - വളം വിതരണം മാനദണ്ഡങ്ങൾ പരിശോധിക്കാതെ നൽകിയത് ശരിയല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്റ്റ് - കേരകൃഷി വികസനം

പ്രോജക്റ്റ് നം - 9/2016

അടങ്കൽ - 6,89,070 വികസന ഫണ്ട്(പൊതുവിഭാഗം)

ചെലവ് - 6,89,070 ബിൽ നം 7/11.3.2016

കേരകൃഷി വികസന പദ്ധതിയിൽ വളത്തിന്റെ സബ്സിഡിയായി ₹ 1,115 നിരക്കിൽ, 617 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു

1- 617 ഗുണഭോക്താക്കളും ഒരു പോലെ,ഒരേ തുകയ്ക്ക് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വളം വാങ്ങുന്നു.

2- ഗുണഭോക്താക്കളുടെ ഭൂമിയുടെ വിസ്തൃതി, തെങ്ങിന്റെ എണ്ണം എന്നിവ പരിഗണിക്കാതെ സബ്സിഡി നൽകി

3- എല്ലാ ഗുണഭോക്താക്കൾക്കും 0.12 ഹെക്ടർ സ്ഥലവും, 20 തെങ്ങും ഉള്ളതായി കണക്കാക്കി സബ്സിഡിആനുകൂല്യം 50% നിരക്കിൽ നൽകി

0. 12. ഹെക്ടറിൽ കുറഞ്ഞ സ്ഥലമുള്ളവരുടെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| പേര് | സർവ്വേനം& ഭൂവിസ്തൃതി | വളം വാങ്ങിയ സ്ഥാപനത്തിന്റെയും പേര് | വളം വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയിസ് നം & വളത്തിന് നൽകിയ തുക | നൽകിയ സബ്സിഡി |
|---|---|---|---|---|
| വടക്കൻ ലക്ഷ്മി,കീരാച്ചി | ¼ – 0.0779 | വേങ്ങാട് സർവ്വീ സഹകരണ ബാങ്ക് | 8850 തീയതി 15.9.2015<br>₹ 2225.60 | ₹ 1115 |
| എളമ്പിലാടത്തിൽ സൗമിനി | 71/1 – 0.0810 ഹെക്ടർ | ബാലകൃഷ്ണൻ നായർ & സൺസ് കൂത്തുപറമ്പ് | 226/തീയതി ഇല്ല<br>₹ 2232 | ₹ 1115 |
| രോഹിണി.കെ ,മൊളച്ചൻ ഹൗസ്,കീരാച്ചി | 19/1 B – 0.1080 | വേങ്ങാട് സർവ്വീ സഹകരണ ബാങ്ക് | ₹ 2225.60 | ₹ 1115 |
| ചക്യാരത്ത് രാഘവൻ | 15/1 - 0.1080 | ബാലകൃഷ്ണൻ നായർ & സൺസ് | 8942/23.9.2015<br>₹ 2232 | ₹ 1115 |
| കെ.ജാനകി.ആയിത്തറ മമ്പറം | 9/1 - 0.0405 | കുമാർ എന്റർപ്രൈസസ് കൂത്തുപറമ്പ് | 111/ 14.9.2015<br>₹ 2,890 | 1115 |

ഗുണഭോക്താക്കളുടെ അർഹതമാനദണ്ഡം, കർഷകർ ചെറുകിട/ നാമമാത്രകർകരാണോ,തെങ്ങുകളുടെ എണ്ണം എന്നിവയൊന്നും പരിശോധിക്കാതെ അപേക്ഷിച്ച എല്ലാവർക്കും ഒരേ നിരക്കിൽ സബ്സിഡി നൽകിയത് ശരിയല്ല.അതിനാൽ 6,89,070 രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ അപേക്ഷ ഓഡിറ്റിന് ലഭിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൃത്യ നിർവ്വഹണത്തിൽ വന്ന വീഴ്ച ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 3-6 പച്ചക്കറി കൃഷി വ്യാപനം - അപാകങ്ങൾ ₹ 1,62,500 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

പ്രോജക്ട് - പച്ചക്കറി കൃഷി വ്യാപനം

പ്രോജക്ട് നം - 59/2016

അടങ്കൽ - 1,62,500 വികസന ഫണ്ട്(പൊതുവിഭാഗം)

ചെലവ് - 1,62,500 ബിൽ നം 8/11.3.2016

പച്ചക്കറി കൃഷി വ്യാപനം പദ്ധതിയിൽ , വിത്തിന് വേണ്ടി ₹ 12,500 യും പച്ചക്കറി കൃഷി ചെയ്യുതിന് കൂലിചെലവ് സബ്സിഡിയായി @ ₹ 600 വീതം 250 പേർക്ക് ₹ 1,50,000 യും ഉൾപ്പെടെ ആകെ ₹1,62,500 നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ താഴെപറയുന്നരേഖകൾ ഹാജരാക്കിയിട്ടില്ല

1-വിത്ത് നൽകിയ സ്ഥാപനത്തെ (മോഡൽ അഗ്രോസർവ്വീസ് സെന്റർ - ചെറുവാഞ്ചേരി ) തെരഞ്ഞെടുത്ത വിധം , വിത്ത് നൽകിയതിന്റെ വിവരങ്ങൾ ,എത്ര കിലോ വിത്ത്, ഏതെല്ലാം ഇനങ്ങൾ മുതലായവ ,

₹ 12,500 നൽകിയതിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് പകർപ്പ്

2- കൂലിചെലവ് സബ്സിഡി തുക ₹ 21,000 -എസ് ബി ഐ- കൂത്തുപറമ്പ് ശാഖ , ₹ 12,500 -മോഡൽ അഗ്രോസർവ്വീസ് സെന്റർ - ചെറുവാഞ്ചേരിക്ക് നൽകിയ തുക ,₹3000 – സർവ്വീസ് സഹകരണ ബാങ്ക് ,മൂന്നാം പീടിക ശാഖ എന്നിവ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുതിന്റെ രേഖകൾ

3 – 250 ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കൾ നാമമാത്രകർഷകരാണോ എന്ന് തെളിയിക്കു ന്നതിനാവശ്യമായ രേഖകൾ (ഭൂനികുതി രശീതി )

4- മോണിറ്ററിംഗ് റിപ്പോർട്ട്

5- ഗുണഭോക്താക്കൾക്ക് കൃഷി ചെയ്യിട്ടുണ്ടെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖ

6- ഈ ഗുണഭോക്താക്കൾക്ക് മറ്റേതെങ്കിലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖ (സാക്ഷ്യപത്രം)ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം - 8 തീയതി 23.11.2016) മറുപടി നൽകിയിട്ടില്ല. രേഖകൾ

ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 19/11/2016-ൽ കെ.എസ്.എ.കെ.എൻ.ആർ/3/2016 പ്രകാരം ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടുണ്ട്.മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ₹ 1,62,500 തടസ്സപ്പെടുത്തുന്നു.

## 3-7 ആവശ്യമായ രേഖകൾഹാജരാക്കിയിട്ടില്ല. ₹ 79,564 തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് | പ്രോജക്ട് നം | ചെലവ് തുക | ബിൽ നം&തീയതി | തടസ്സത്തിനുള്ള കാരണം |
|---|---|---|---|---|
| ഫല വൃക്ഷ തൈ വിതരണം വനിതകൾക്ക് | 78/16 | 72,364 വികസന ഫണ്ട്(പൊതുവിഭാഗം) | 6/11.3.2016 | ഗുണഭോക്താക്കൾ<br>നാമമാത്ര കർഷകനാണോ എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല, |
| വിദ്യാലയങ്ങൾക്കുള്ള ഗ്രോബാഗിനുള്ള രണ്ടാം വർഷ ആനുകൂല്യം | 11/2016 | 7,200വികസന ഫണ്ട്(പൊതുവിഭാഗം) | 10/23.3.2016 | 16 സ്കൂളുകൾക്ക് 16 പാക്കറ്റ് വിത്ത് , 25 കിലോവിന്റെ 1 പാക്കറ്റ് ചാണകവളം എന്നിവ വിതരണം ചെയ്ത രേഖകൾ<br>വിതരണ രജിസ്റ്റർ |

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. (രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ കെ.എസ്.എ/കെ.എൻ.ആർ/3/2016 തീയ്യതി 19/11/16 നൽകിയിട്ടുണ്ട്.)

## 3-8 കാർഷിക പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണ രേഖകൾ ഓഫീസിൽ ഹാജരാക്കിയിട്ടില്ല. പച്ചക്കറിതൈ വിതരണം, നെൽകൃഷി വികസനം - ഒന്നാം വിള, രണ്ടാം വിള, വനിതകൾക്ക് ടിഷ്യൂ വാഴത്തൈ വിതരണം എന്നീ

പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷ, നാമമാത്ര കർഷകനാണോ, ചെറുകിട നാമമാത്ര കർഷകനാണോ എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. അതിനാൽ അർഹതപ്പെട്ട ഗുണഭോക്താവിന് തന്നെയാണോ സബ്സിഡി ആനുകൂല്യം നൽകിയതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രൊജക്ടുകൾ

1. വനിതകൾക്ക് പച്ചക്കറി തൈ വിതരണം

പ്രൊജക്ട് നം – 6/16

അടങ്കൽ – 1,83,750 വികസന ഫണ്ട് (ജനറൽ)

ചെലവ് – 1,85,750 - ബിൽ 3/30/12/15

2.പ്രൊജക്ട് – വനിതകൾക്കുള്ള ടിഷ്യൂ വാഴതൈ വിതരണം

പ്രൊജക്ട് നം – 10/16

അടങ്കൽ - 1,29,150

ചെലവ് – 1,29,150 ബിൽ നമ്പർ 5/29/02/16

ഗുണഭോക്താക്കളുടെ എണ്ണം – 1722

3.പ്രൊജക്ട് – നെൽകൃഷി വികസനം – ഒന്നാം വിള, രണ്ടാം വിള

പ്രൊജക്ട് നം. 13/16

അടങ്കൽ – 71,700 വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് – 71,700

ഗുണഭോക്താക്കളുടെ എണ്ണം – 127 ( ഒന്നാം വിള)

96 (രണ്ടാം വിള )

## 3-9 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ -ജില്ലാപഞ്ചായത്ത് വിഹിതം നൽകാത്തതും, സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത രേഖകൾ ഹാജരാക്കാത്തതും ₹ 6,50,000 തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് – ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് & ബത്ത

പ്രോജക്ട് നം - 19/16

അടങ്കൽ - 6,50,000 വികസന ഫണ്ട്

- 2,50,000 ജില്ലാപഞ്ചായത്ത് ഫണ്ട്

ചെലവ് - 6,50,000 ബിൽ 3 തീയതി 27.2.2016

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്.കുണ്ടംകുന്ന്

ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് &ബത്ത നൽകൽ പദ്ധതിയിൽ, ജില്ലാപഞ്ചായത്ത് വിഹിതം 2015-16 ൽ ലഭ്യമാകാത്തതിനാൽ, വിദ്യാർത്ഥികൾക്ക് 9 മാസത്തെ സ്കോളർഷിപ്പ് മാത്രമെ നൽകിയിട്ടുള്ളൂ. വാർഷിക ബത്ത മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാത്രമെ നൽകിയിട്ടുള്ളൂ.

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് &ബത്ത എന്നിവ ത്രിതല പഞ്ചായത്തിൽ

25:50:25എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണെങ്കിലും (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം എസ് ) നമ്പർ 362/2013 /ത സ്വ ഭ വ തിരുവനന്തപുരം തീയതി 16.11.2013 ഖ - 5-8ഡി കുറിപ്പ് 1)ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

സ്കോളർഷിപ്പ് തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. അതിനാൽ തുക 6,50,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല- ₹ 5,54,518 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്ട് -എസ് എസ് എ വിഹിതം നൽകൽ -

പ്രോജക്ട് നം - 18//16

അടങ്കൽ - 5,54,518 വികസന ഫണ്ട് (ജനറൽ)

ചെലവ് - 3,72,000 – ബിൽ നം 1/ തീയതി 25.9.2015

- 1,82,518 ബിൽ നം 2/ തീയതി 22.12.2016

എസ് എസ് എ വിഹിതം നൽകൽ പദ്ധതിക്കു വേണ്ടി ₹ 5,54,518 കണ്ണൂർ ജില്ലാപ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാപ്രോജക്റ്റ് ഓഫീസറുടെ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും, എസ് എസ് എ പ്ലാൻ പ്രകാരം ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക₹ 5,54,518 തടസ്സപ്പെടുത്തുന്നു.

## 3-11 കക്കൂസ് നിർമ്മാണം- തനത് ഫണ്ടിൽ നിന്നും നൽകിയ തുക റീക്കുപ്പ് ചെയ്തിട്ടില്ല

പ്രോജക്ട് - കക്കൂസ് നിർമ്മാണം

പ്രോജക്ട് നം -149/16

അടങ്കൽ – 9,60,000 സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെലവ് - ₹ 6,12,000 തനത് ഫണ്ട് (വൌച്ചർ നം 532757തീയതി 19.3.2016 )

ഗുണഭോക്താക്കളുടെ എണ്ണം - 51

കക്കൂസ് നിർമ്മാണ പദ്ധതിയിൽ പ്രൊജക്ട് തയ്യറാക്കിയിരുന്നുവെങ്കിലും ചെലവുണ്ടായിട്ടില്ല. എന്നാൽ 51 ഗുണഭോക്താക്കൾക്ക് ₹ 12,000 വീതം ആകെ ₹ 6,12,000 വൌച്ചർ നം. 532757തീയതി 19.3.2016 തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. കക്കൂസ് നിർമ്മാണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 12,000 ശുചിത്വമിഷൻ ഫണ്ടും ₹3,400 തനത് ഫണ്ടും ഉൾപ്പെടെ ₹15,400 ആണ് വകയിരുത്തിയത്. എന്നാൽ 12,000 രൂപ തനത് ഫണ്ടിൽ നിന്നുമാണ് നൽകിയത്. തനത് ഫണ്ടിൽ നിന്നും നൽകിയ തുകയിൽ നാളിതുവരെയായി ഒരു തുകയും റീക്കുപ്പ് ചെയ്തിട്ടില്ല തുക ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 പൂർത്തീയാക്കാത്ത ഭവന പദ്ധതികൾ–

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2009-10 വർഷം ഇ എം എസ് ഭവന പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയ 5 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. (ഖ- 3-9) ഈ സാമ്പത്തീക വർഷവും ഇവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് വി ഇ ഒ മറുപടി നൽകിയിട്ടുണ്ട്.

ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 3-13 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 3,12,500 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

| വർഷം | പ്രോജക്റ്റ് നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2015-16 | 47/16 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | 3,12,500 | 312500<br>ബിൽ നം 6/26.3.2016 |

മേൽ പ്രോജക്ടിൽ പഞ്ചായത്ത് വിഹിതമായ 3,12,500 രൂപ ഡെപ്യൂട്ടി ഡയരക്ടർ (എസ് എൽ ബി ബി) കണ്ണൂരിന് നൽകി വീതം ചെലവഴിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ്, കാലിത്തീറ്റ വിതരണം നടത്തിയ ക്ഷീര സഹകരണസംഘത്തിന്റെ പേര്, ഗുണഭോക്തൃ വിഹിതം ഒടുക്കിയതിന്റെ വിവരം, എസ് എൽ ബി പി ഡെപ്യൂട്ടി ഡയരക്ടർ സാക്ഷ്യപ്പെടുത്തിയ തുക വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 പെയിൻ & പാലിയേറ്റീവ് ഹോംകെയർ വാഹന വാടക നൽകിയത് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കിയത് - 33,200 അധിക ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ - പി എച്ച് സി

പ്രോജക്ടിന്റെ പേര് - പെയിൻ & പാലിയേറ്റീവ് ഹോംകെയർ

പ്രോജക്ട് നമ്പർ - S023/15-16,

അടങ്കൽ - വികസന ഫണ്ട് (ജനറൽ) – 6,70,000

ജില്ലാപഞ്ചായത്ത് വിഹിതം – 1,00,000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1,00,000

ചെലവ് ബിൽ നമ്പർ 5/15-16 90900 dt 12/2/16

ബിൽ നമ്പർ 6/15-16 110168 dt 26/3/16

മേൽ പ്രോജക്ടുകളിൽ പാലിയേറ്റീവ് പരിചരണത്തിനായി വാടകക്കെടുത്ത വാഹനത്തിന് വാടക നൽകിയത് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഏറ്റവും കുറഞ്ഞ നിരക്ക് (കിലോമീറ്ററിന് 15 രൂപ) ക്വാട്ട്ചെയ്തത ശ്രീ.പ്രദീപൻ എന്നവരുടെ ക്വട്ടേഷൻ ആണ് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ചത്. ആയത് പ്രകാരം കിലോമീറ്ററിന് 15 രൂപനിരക്കിൽ മാസം 800 കിലോമീറ്റർ വരെ ഓടിയാൽ 23,800 രൂപ നൽകാനും അതിന് മുകളിൽ വരുന്ന ഓരോ കിലോമീറ്ററിനും 16 രൂപ വച്ച് നൽകാനുമാണ് ടിയാൻ സമർപ്പിച്ച ക്വട്ടേഷനിലും ടിയാനുമായി ഏർപ്പെട്ട കരാറിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 ( ജി ഒ (ആർ ടി )3217/2015 തസ്വഭവ 29/10/2015 അനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ച് എടുക്കുന്ന വാഹനത്തിന് ഒരു ദിവസം നൽകാവുന്ന പരമാവധി വാടക 1100 രൂപയാണ്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിനേക്കാൾ അധികരിച്ച നിരക്കായാണ് ശ്രീ.പ്രദീപൻ എന്നയാൾക്ക് വാടക നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | ഓടിയ ദിവസങ്ങൾ | നൽകിയ വാടക | നല്കേണ്ട വാടക | അധികം |
|---|---|---|---|---|
| നവംബർ | 16 | 23,800 | 17,600 | 6,200 |
| ഡിസംബർ | 16 | 23,800 | 17,600 | 6,200 |
| ജനവരി | 16 | 23,800 | 17,600 | 6,200 |
| ഫിബ്രവരി | 15 | 23,800 | 16,500 | 7,300 |
| മാർച്ച് | 15 | 23,800 | 16,500 | 7,300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.21/തീയ്യതി 26.11.2016 ന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടി ഇപ്രകാരമാണ്. ബന്ധപ്പെട്ട സർക്കാർ ഉത്തരവ് സാമ്പത്തിക വർഷത്തിന്റെ പകുതിയിൽ വന്നതിനാൽ പാലിയേറ്റീവ് പ്രൊജക്ടിന്റെ സുഗമമായ നടത്തിപ്പിന് ബുദ്ധിമുട്ടാകുമെന്നതിനാൽ ബന്ധപ്പെട്ട വാഹന ഉടമയുമായി ഏർപ്പെട്ട കരാർ മാർച്ച് – 2016 വരെ ആയതിനാലും കരാറിലെ വ്യവസ്ഥ പ്രകാരം വാടക നൽകുകയാണുണ്ടായത് എന്നാണ്. പുതുക്കിയ മാർഗ്ഗരേഖയിലെ നിരക്ക് 2016-17 വർഷത്തിൽ നടപ്പാക്കുന്നതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ ഉത്തരവ് അനുശാസിക്കും പോലെ പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ആരോഗ്യകേരളപുരസ്കാരം₹ 3,00,000 വിനിയോഗിച്ചിട്ടില്ല

2014-15 ലെ, എൻ ആർ എച്ച് എം ആരോഗ്യ കേരള പുരസ്കാരമിനത്തിൽ സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചതിന് ₹ 3,00,000 (ഡിമാൻഡ് ഡ്രാഫ്റ്റ് നം.500300 തീയതി 26.9.2015) പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. അവാർഡ് തുക എൻ ആർ എച്ച് എം - സ്റ്റേറ്റ് പ്രോഗ്രാം മോണിറ്ററിംഗ് & സപ്പോർട്ടിംഗ് യൂണിറ്റ് തിരുവനന്തപുരം തീയതി 15.10.2015 സർക്കുലർ പ്രകാരം 12-ാം പഞ്ചവത്സര പദ്ധതിക്ക് വിധേയമായി തനത് ആര്യോഗ്യപദ്ധതികളുടെ നടത്തിപ്പിന് വിനിയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ യാതൊരു തുകയും വിനിയോഗിച്ചിട്ടില്ല.

## 3-16 നടപ്പിലാക്കാത്ത പദ്ധതികൾ

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 2014-15 ൽ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയ പൈപ്പ് കമ്പോസ്റ്റ് നിർമ്മാണം എന്ന പദ്ധതി ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ നിലവിൽ റിംഗ് കമ്പോസ്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ് വിശദീകരിച്ചത്.

ആശ്രയ പുനരുദ്ധാരണ പദ്ധതി: സംസ്ഥാന കുടുംബശ്രീ മിഷനിൽ അംഗീകാരം ലഭിക്കാത്തതിനാൽ ആരംഭിച്ചിട്ടില്ല. നിലവിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂൾ ഉപജീവന തൊഴിൽ പരിശീലന പദ്ധതി:

സ്ഥലം ലഭ്യമല്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല. നിലവിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ തൻവർഷം ആരംഭിക്കുകയോ, പൂർത്തീകരിക്കുകയോ ചെയ്യാത്ത പദ്ധതികൾ തൃപ്തികരമായി നിർവ്വഹണം നടത്തുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-17 കേന്ദ്ര വിഹിതം - ചെലവഴിക്കാത്ത തുക വിനിയോഗിക്കേണ്ടത്

2015-16 വർഷം കേന്ദ്ര വിഹിതമിനത്തിൽ ₹36,83,344 നീക്കിയിരിപ്പായി ഉണ്ട്.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| ഐ സി ഡി എസ് | 1,34,602 | അനുപൂരകം- വികസനത്തിന് ലഭിച്ച തുകയിൽ ബാക്കിയുള്ളത് |
| പി വൈ സി കെ എ | 50,851 | പൈക്ക – കേന്ദ്രവിഹിതം |
| സ്പെസിഫിക് പർപ്പസ് | 12,93,674 | ശിശുമിത്ര ബഡ്സ് സ്കൂൾ ധനസഹായം ലഭിച്ച തുക |
| സ്പെസിഫിക് പർപ്പസ് | 4,834 | പ്രാദേശിക വികസന നിധിയിൽ ബാക്കിയുള്ള തുക |
| സാക്ഷരത | 1,297 | ലിറ്ററസി പദ്ധതി ഗ്രാന്റ് |
| ഖര ദ്രവ മാലിന്യ നിർമ്മാർജ്ജനം | 2,18,170 | സമ്പൂർണ്ണ ശുചിത്വം |
| സ്പെസിഫിക് പർപ്പസ് | 1,78,816 | ബഡ്സ് സ്കൂൾ ഓണറേറിയം |
| എൻ ആർ ഇ ജി എ | 1,118 | ചെലവഴിക്കാൻ ബാക്കിയുള്ള തുക 2015-16 |

| | | |
|---|---|---|
| അവാർഡ് തുക | 8,00,000 | ശുചിത്വ മിഷൻ അവാർഡ് |
| ആകെ | 36,83,344 | |

മേൽ പറഞ്ഞ തുകകൾ ഏത് കാലയളവിൽ ലഭിച്ചതാണ്, ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ ഉത്തരവാദപ്പെട്ടവർ വിശദീകരിച്ചിട്ടില്ല. വിനിയോഗിക്കാനുള്ള തുക താമസ്സംവിനാ വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-18 ക്രമപ്പെടാത്ത മുൻകൂറുകൾ

2015-16 വർഷം താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. (ഷെഡ്യൂൾ ബി-18) ആയത് നാളിതുവരെയും ക്രമപ്പെടുത്തിയിട്ടില്ല. ഇവ ക്രമപ്പെടുത്തേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| കോഡ് നമ്പർ | തുക | വിവരണം |
|---|---|---|
| 460100103 | 3,000 | സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സന് ടിഎ നൽകിയത് |
| 460500501 | 6,12,000 | കക്കൂസ് നിർമ്മാണ പദ്ധതിക്ക് ടിഎസ് സി വിഹിതം ലഭ്യമാകാത്തതിനാൽ തനത് ഫണ്ട് നൽകിയത് |
| 46050990 | 1,72,200 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ഓണറേറിയം നൽകിയത് |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം : സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം : സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം : സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലപഞ്ചായത്ത് | 2015-16 | 3,00,000 | ഗുരിക്കൾക്കണ്ടി അംഗൻവാടികെട്ടിടനിർമ്മാണം | 3,00,000 | 0 |
| | | 5,00,000 | മൂന്നാം പീടികരാപുരം റോഡ് | 4,85,484 | 14,516 |

| | | | | | |
|---|---|---|---|---|---|
| | | | ടാറിംഗ് | | |
| ബ്ലോക്ക് പഞ്ചായത്ത് | | 1,00,000 | പെയിൻ &പാലിയേറ്റീവ് പദ്ധതി | 99,940 | 60 |
| | | 1,00,000 | ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് യന്ത്രവൽകൃത ട്രൈസൈക്കിൾ | 1,00,000 | 0 |

ബാക്കി തുക ഉടൻ വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ സ്ഥിരനിക്ഷേപങ്ങൾ സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന<br>സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്പ്മെൻറ് സൊസൈറ്റി ഷെയർ | 20,000 |
| ആകെ | 20,000 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| തൻവർഷത്തെ വരവ് * | 4,49,70,323 |
| തൻവർഷത്തെ ചെലവ് * | 5,89,30,465 |

| | |
|---|---|
| വരവ് നഷ്ടം | 5,650 |
| ചെലവ് നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,66,213 |

Receipt & Payment Statement പ്രകാരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,800 | --- | ശ്രീ.അനിൽ (സെക്രട്ടറി) |
| | 1,600 | --- | ശ്രീ.രാജേഷ് കെ.ടി. സെക്രട്ടറി) |
| 2-3 | 250 | --- | ശ്രീ.രാജേഷ് കെ.ടി. (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,49,561 | ശ്രീ.രാജേഷ് കുമാർ.ടി സെക്രട്ടറി |
| 3-2 | 4,60,000 | ശ്രീ.രാജേഷ് കുമാർ.ടി സെക്രട്ടറി |
| 3-3 | 2,08,500 | ശ്രീ.രാജേഷ് കുമാർ.ടി സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 6,89,070 | ശ്രീമതി.അശ്വിനി.എസ്(കൃഷി ഓഫീസർ |
| 3-6 | 1,62,500 | ശ്രീമതി.അശ്വിനി.എസ്(കൃഷി ഓഫീസർ |
| 3-7 | 79,564 | ശ്രീമതി.അശ്വിനി.എസ്(കൃഷി ഓഫീസർ |
| 3-9 | 6,50,000 | ശ്രീമതി.സുശീല .ടി ജി (ഹെഡ് മിസ്ട്രസ്) |
| 3-10 | 5,54,518 | ശ്രീമതി.സുശീല .ടി ജി ( ഹെഡ് മിസ്ട്രസ്) |
| 3-13 | 3,12,500 | ഡോ.ആശ.കെ.പി(വെറ്ററിനറി സർജ്ജൻ) |
| ആകെ | 3,2,66,213 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ് കുമാർ.ടി സെക്രട്ടറി | ശ്രീ.രാജേഷ് കുമാർ.ടി സെക്രട്ടറി<br>മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | ആരാമം<br>പിണറായി പിഒ |
| ശ്രീമതി.സുശീല.ടി.ജി (ഹെഡ് മിസ്ട്രസ്) | ശ്രീമതി.സുശീല.ടി.ജി. (ഹെഡ് മിസ്ട്രസ്) | നവനീതം, മാങ്ങാട്ടിടം പിഒ |

| | | |
|---|---|---|
| | ജി എൽ പി എസ് കണ്ടം കുന്ന് | |
| ഡോ.ആശ.കെ.പി (വെറ്ററിനറി സർജ്ജൻ) | ഡോ.ആശ.കെ.പി (വെറ്ററിനറി സർജ്ജൻ) | ഐശ്വര്യ, ശങ്കര നെല്ലൂർ |
| ശ്രീമതി.അശ്വിനി.എസ് കൃഷി ഓഫീസർ | ശ്രീമതി.അശ്വിനി.എസ് കൃഷി ഓഫീസർ | ചൈതന്യം, കാട്ടാക്കട, പി.ഒ.തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്. സി12/672/04 തീയതി 19.10.2004 | 9 |
| 2003-04 | എൽ.എഫ്.സി4/166/08 തീയതി 26.2.2009 | 6 |
| 2004-05 | എൽ.എഫ്.സി4/167/08 15.6.2009 | 4 |
| 2005-06 | എൽ.എഫ്.സി4/168/08 15.6.2009 | 8 |
| 2006-07 | എൽ.എഫ്. സി4/205/09 15.6.2009 | 13 |
| 2007-08 | എൽ.എഫ്.സി4 /135/11 12.10.2012 | 8 |
| 2008-09 | എൽ.എഫ്.സി4 /136/08 12.10.2012 | 31 |

| | | |
|---|---|---|
| 2009-10<br>2010-11 &<br>2011-12 | എൽ.എഫ്.കെ.എൻ.ആർ./ സി10.259/2013 9.5.2013 | 27 |
| 2012-13 | എൽ.എഫ്/ കെ.എൻ.ആർ./സി 10-347/2015 തീയതി 23.5.2015 & 8.6.2015 | 16 |
| 2013-14 &2014-15 | എൽ.എഫ്/ കെ.എൻ.ആർ./സി 10/1289/2016 തീയതി 26.7.2016 | |

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ /കെ.എൻ.ആർ /സി8/2115 /2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,
Email.*lfaddistofficeknr@gmail.com*
*Phone. 04972707698*
*തീയ്യതി.1.02.2017*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്

രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## AUDIT CERTIFICATE

KSA-K.N.R./C8/2115 /2016

Kerala State Audit Department,

District Audit Office, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.
Date:1.02.2017

Certified that I have audited the annual Financial Statement of MANGATTIDAM Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of MANGATTIDAM Gramapanchayat for the year

2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director.

District Audit Audit Office, Kannur.